ഗ്രീൻപീസ് ഇന്ത്യ
സിറ്റിസൺ റെസ്പോൺസ് ടീമിന്റെ സഹകരണത്തോടെ തയ്യാറാക്കിയ
വിഷയസാരാംശം
GREENPEACE
ग्रीनपीस

# എംഎസ്സി എൽസ 3 കപ്പലപകടം




## ജൈവിക വിഷങ്ങൾ കടലിലേക്ക്: 640 കണ്ടെയ്നറുകളോടൊപ്പം എംഎസ്സി എൽസ 3 കീഴ്മേൽ മറിഞ്ഞു മുങ്ങിത്താഴുന്നു.

### 2025 മേയ് 25-ന്, ലൈബീരിയൻ പതാക വഹിക്കുന്ന ചരക്കു കപ്പൽ എംഎസ്സി എൽസ 3 ഇന്ത്യയിലെ കേരള തീരത്തോട് ചേർന്ന് മുങ്ങി.

വിഴിഞ്ഞത്തു നിന്നും കൊച്ചിയിലേക്കുള്ള കപ്പലിന്റെ യാത്രക്കിടയിലാണ് ഇതിന് ഒരു കംപാർട്മെന്റിൽ വെള്ളം കയറിയത് മൂലം കപ്പലിന് 26 ഡിഗ്രി വലതുഭാഗത്തേക്ക് ഭാരംകൂടിയ നില (സ്റ്റാർബോർഡ് ലിസ്റ്റ്) ഉണ്ടായി. രക്ഷാപ്രവർത്തന ശ്രമങ്ങൾ നടന്നെങ്കിലും, കപ്പൽ ഏകദേശം 38 നോട്ടിക്കൽ മൈൽ അകലെ തലകീഴായി മറിഞ്ഞു, പിന്നീട് കൊച്ചിയിൽ നിന്ന് 14.6 നോട്ടിക്കൽ മൈൽ തെക്ക്-പടിഞ്ഞാറ് ഭാഗത്തായി മുങ്ങിത്താഴുകയായിരുന്നു.

### എംഎസ്സി: അപായചരിത്രമുള്ള ലോകത്തിലെ ഏറ്റവും വലിയ കപ്പൽ വ്യാപാര ഭീമൻ

മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി എസ്. എ. (എംഎസ്സി) ഒരു സ്വകാര്യ/കുടുംബഉടമസ്ഥതയിലുള്ള ആഗോളകപ്പൽവ്യാപാര, ലോജിസ്റ്റിക്സ് കമ്പനിയാണ്. ക്യാപ്റ്റൻ ജിയാൻലൂയിജി അപ്പോണ്ടെ 1970-ൽ ഇറ്റലിയിലെ നേപ്പിൾസിലാണ് ഇത് സ്ഥാപിച്ചത്. 1978 മുതൽ കമ്പനിയുടെ ആസ്ഥാനം സ്വിറ്റ്സർലാൻഡിലെ ജെനീവയിലാണ്. കമ്പനി ഇപ്പോഴും അപ്പോണ്ടെ കുടുംബത്തിന്റെ ഉടമസ്ഥതയിലാണുള്ളത്, ഡിയേഗോ അപ്പോണ്ടെ ഇപ്പോൾ പ്രസിഡന്റും സിഇഒയുമാണ്. ചരക്കു കപ്പൽ വ്യാപാരം (MSC, MEDLOG, TiL, AGL), എയർ ഫ്രൈറ്റ് (എംഎസ്സി എയർ കാർഗോ), കാറുകളുടെ ഗതാഗതം (ഗ്രാം കാർ കാരിയേഴ്സ്) തുടങ്ങിയ പല മേഖലയിലായി എംഎസ്സി ഗ്രൂപ്പ് പ്രവർത്തിക്കുന്നു. യാത്രാ മേഖലയിലായി, എംഎസ്സി ക്രൂയ്സെസ്, എക്സ്പ്ലോറ ജേർണീസ്, ഫെറി സർവീസുകൾ (GNV, SNAV), ഇറ്റലിയുടെ അതിവേഗ റെയിൽ (ഇറ്റാലോ) എന്നിവയും നടത്തുന്നു. ഈ ഗ്രൂപ്പ് തുറമുഖ അടിസ്ഥാനസൗകര്യങ്ങൾ, ഡിജിറ്റൽ സാങ്കേതികവിദ്യകൾ (എംഎസ്സി ടെക്നോളജി), ആരോഗ്യമേഖല (മെഡിക്ലിനിക് ഗ്രൂപ്പ് ) എന്നിവയിലേക്കും നിക്ഷേപം നടത്തുന്നുണ്ട്, കൂടാതെ എംഎസ്സി ഫൗണ്ടേഷൻ മുഖേന സാമൂഹിക സ്വാധീനം ചെലുത്തുന്നതിലും പിന്തുണ നൽകുന്നു.

ഗ്ലോബൽ കണ്ടെയ്നർ ശേഷിയുടെ 20% നിയന്ത്രിച്ചുകൊണ്ടും, 6.6 മില്ല്യൺ ടിഇയു സംയുക്ത ശേഷിയുള്ള ഏകദേശം 923 കപ്പലുകളുള്ള ഒരു കപ്പൽനിര പ്രവർത്തിപ്പിച്ചുകൊണ്ടും എംഎസ്സി ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ചരക്കു കപ്പൽ വ്യാപാര കമ്പനിയായി നിലകൊള്ളുന്നു (2025 ജൂൺ 20-വരെയുള്ള കണക്കുകൾ പ്രകാരം). കണ്ടെയ്നർ ഷിപ്പിംഗിലും ലോജിസ്റ്റിക്സിലും എംഎസ്സി ആഗോള നേതാവാണ്, ആധുനിക കപ്പൽ നിരകൾ ഉപയോഗിച്ച് 300 ദിശകളിലൂടെ 520 തുറമുഖങ്ങളെ സേവിക്കുന്നു, വർഷംതോറും ഏകദേശം 27 മില്ല്യൺ ടിഇയു നീക്കുന്നു, അതിന് പിന്തുണ നൽകുന്ന 7 വിമാനങ്ങളുണ്ട്. ഇവർ 155 രാജ്യങ്ങളിലെ 675 ഓഫീസുകളിലായി 20 ലക്ഷത്തോളം ജീവനക്കാർക്ക് തൊഴിൽനൽകുകയും ചെയ്യുന്നു. കടൽ, കര (റോഡും റെയിലും), വിമാനച്ചരക്കുകൾ, ഗോഡൗണുകൾ, ഡിജിറ്റൽ സേവനങ്ങൾ (ഉദാഹരണത്തിന്: സ്മാർട്ട് കണ്ടെയ്നറുകൾ, ഇലക്ട്രോണിക് ബിൽ ഓഫ് ലാഡിംഗ്) എന്നിവ ഉൾപ്പെടെയുള്ള സമ്പൂർണ്ണ സേവനങ്ങൾ അവർ നൽകുന്നു. അവശ്യ സാധനങ്ങൾ മുതൽ ആഢംബര വസ്തുക്കൾ വരെയുള്ള ചരക്ക് നീക്കം നടത്തുന്നു. ചരക്ക് ഗതാഗതത്തിന് പുറമെ, എംഎസ്സി, ഹോളിംഗ്, ഗോഡൗണുകൾ ഉൾപ്പെടെയുള്ള സമ്പൂർണ്ണ ലൊജിസ്റ്റിക് സേവനങ്ങളും, 12 കപ്പലുകളുള്ള എംഎസ്സി ക്രൂയ്സ് ഉൾപ്പടെയുള്ളവയെയും ഉൾക്കൊള്ളുന്നു. എംഎസ്സി ക്രൂയിസുകൾ ലോകത്തിലെ മൂന്നാമത്തെ വലിയ ക്രൂയിസ് ലൈൻ ആണെന്ന് കണക്കാക്കപ്പെടുന്നു.

മാരിടൈം ഇഞ്ചുറി സെന്ററിന്റെ ഒരു ലേഖനം എംഎസ്സി കപ്പലുകളിൽ പഴക്കംചെന്ന കപ്പൽ നിരകളും അതിനാൽ സംഭവിക്കുന്ന പ്രവർത്തന പരാജയങ്ങളും മൂലമുള്ള നിരവധി ഗുരുതരമായ സുരക്ഷാ പ്രശ്നങ്ങളെ എടുത്തുകാട്ടുന്നു. 2024ന്റെ തുടക്കത്തിൽ ഉണ്ടായ എംഎസ്സി സവോ പോളോ (36 വർഷം പഴക്കം) കാനേഡിയൻ കടലിൽ എഞ്ചിൻ തീപിടിത്തം, എംഎസ്സി കാറ്റായനി (28 വർഷം പഴക്കം) സ്പെയിനിന്റെ തീരത്തിനു സമീപം എഞ്ചിൻ തകരാർ എന്നീ സംഭവങ്ങൾ കപ്പലിന്റെ പഴക്കം മൂലം സാങ്കേതികമായ അപകടസാധ്യതകൾ ഉയരുന്നുവെന്ന് കാണിക്കുന്നു. ചരിത്രപരമായ അപകടങ്ങളിൽ 1994-ലെ അക്കില്ലേ ലൗറോ കപ്പലിൽ ഉണ്ടായ എഞ്ചിൻ റൂം സ്ഫോടനവും, 2007-ലെ എംഎസ്സി നാപ്പൊലി, 2008-ലെ എംഎസ്സി സബ്രിന എന്നീ കപ്പലുകൾ കാലാവസ്ഥാ കഠിനതയാലോ അല്ലെങ്കിൽ നാവിക പിശകുകളാലോ കരയിൽ പതിച്ചതുമാണ് ഉൾപ്പെടുന്നത്. എംഎസ്സി ഈ സമയത്ത് കപ്പലിന്റെ ഉടമസ്ഥരായിരുന്നില്ല എങ്കിലും, ഇന്ത്യയിൽ ജെസ്സിക്ക എന്ന കപ്പൽ 2009-ൽ പൊളിച്ചുനീക്കുന്നതിനിടെ ഉണ്ടായ തീപിടിത്തം ആറുപേർ മരിക്കാൻ ഇടയാക്കി; ഇത് ഡികമ്മീഷൻ സമയത്തെ സുരക്ഷാ വീഴ്ചയും അപകടകരമായ മലിനീകരണ സാധ്യതകളും കാണിക്കുന്നു. പരിസ്ഥിതി മലിനീകരണവും ചരക്കുകളുടെ അപകടസാധ്യതയും ഉൾപ്പെടുന്ന മറ്റ് സംഭവങ്ങളിൽ 2010-ൽ എംഎസ്സി ചിത്ര കപ്പൽ കൂട്ടിയിടിച്ച് ഏകദേശം 300 കണ്ടെയ്നറുകൾ കടലിലേക്ക് പതിച്ചതും, 2006-ൽ എംഎസ്സി എലൈന കപ്പലിൽ നിന്നും ബിൽജ് ഓയിൽ കടലിൽ ഒഴുക്കിയതിനുള്ള പിഴയും അടങ്ങിയിട്ടുണ്ട്. മറ്റൊരു കപ്പലായ റീന 2011-ൽ ന്യൂസിലാൻഡിലെ ഒരു അമൂല്യ കടൽപ്പാറ ആവാസവ്യവസ്ഥയെ ഇടിച്ചു തകർത്ത് പരിസ്ഥിതി നാശം വരുത്തി. ചുരുക്കത്തിൽ, ഈ സംഭവങ്ങൾ യാന്ത്രിക പിഴവുകൾ, തീപിടിത്ത അപകടസാധ്യത, നാവിക പിശകുകൾ, പരിസ്ഥിതി നാശം, കപ്പൽ പൊളിക്കൽ സമയത്തെ അശ്രദ്ധ എന്നിവയെക്കുറിച്ചുള്ള ഗൗരവമായ ആശങ്കകൾ ഉയർത്തുന്നു.

### കപ്പൽച്ചരക്ക് ദുരന്തം : എംഎസ്സി എൽസ 3 കപ്പലപകടം വലിയ പാരിസ്ഥിതിക പ്രതിസന്ധിക്ക് തിരികൊളുത്തുന്നു

2025-ലെ ലോക സമുദ്ര ദിനത്തിന് ഏതാനും ആഴ്ചകൾക്ക് മുൻപ്, വിഴിഞ്ഞം തുറമുഖത്തുനിന്ന് പുറപ്പെട്ട എംഎസ് സിഎൽസ 3 എന്ന ചരക്കുകപ്പൽ കൊച്ചിക്ക് സമീപം, തീരത്തു നിന്ന് ഏകദേശം 14.6 നോട്ടിക്കൽ മൈൽ ദൂരത്തിൽ മുങ്ങിയതോടെ, വൻ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന കപ്പൽ അപകടങ്ങളിൽ ഒന്നിന് ഇന്ത്യ സാക്ഷിയായി. വിഴിഞ്ഞത്തു നിന്നും കൊച്ചിയിലേക്കുള്ള യാത്രക്കിടയിലാണ് ഈ കപ്പൽ അപകടത്തിൽപ്പെട്ടത്. കപ്പലിൽ ഉണ്ടായിരുന്ന 640 കണ്ടെയ്നറുകളിൽ 13 എണ്ണം അപകടകാരികളായി തരംതിരിച്ചവയും 12 എണ്ണം കാൽസ്യം കാർബൈഡ് അടങ്ങിയവയുമാണ്. കപ്പലിൽ 84.44 മെട്രിക്ടൺ ഡീസലും 367.1 മെട്രിക്ടൺ ഫർണസ് ഓയിലുമുണ്ടായിരിക്കെ ഈ സംഭവം ഗുരുതരമായ പരിസ്ഥിതി ആശങ്കകൾ ഉയർത്തുന്നു. എണ്ണയും മറ്റു രാസ പദാർത്ഥങ്ങളും കേരള തമിഴ്നാട് തീര മേഖല മാത്രമല്ല ശ്രീലങ്കൻ അതിർത്തിയിലുള്ള കടൽപരപ്പിലുമെത്തി അവിടുത്തെ ആവാസ വ്യവസ്ഥയ്ക്ക് ഗണ്യമായ നശീകരണത്തിന് കാരണമാകുന്നതുൾപ്പെടെ ഒട്ടനേകം പാരിസ്ഥിതിക പ്രശ്നങ്ങൾക്കാണ് വഴിമരുന്നിടുന്നത്. എംഎസ് സി എൽസ 3 ചരക്കുകപ്പൽ മുങ്ങിയതിനെ തുടർന്ന് ആദ്യമായി തിരുവനന്തപുരം തീരത്ത് വൻതോതിൽ പ്ലാസ്റ്റിക് ചെറുഗുളികകൾ (Pellets) കണ്ടെത്താൻ കഴിഞ്ഞത് ഭീകരമായൊരു പാരിസ്ഥിതിക വിപത്തിലേക്ക് വിരൽചൂണ്ടുന്നു.

ദുർബലമായ സമുദ്രഭരണത്തെയും വ്യാവസായിക കപ്പൽ വ്യാപാരത്തിന്റെ വിപത്തുകളെയും തുറന്നു കാണിക്കുവാനുള്ള ഞങ്ങളുടെ ഓഷൻ ജസ്റ്റിസ് ക്യാമ്പെയിനിന്റെ ഭാഗമായാണ് ഈ വിഷയം അവതരിപ്പിക്കുന്നത്. ഇത് എംഎസ്സി എൽസ 3 കപ്പലപകടത്തിന്റെ കൃത്യവും വസ്തുനിഷ്ഠവുമായ വിവരങ്ങൾ അവതരിപ്പിക്കാനും, ഇത്തരമൊരു അപകടം സംഭവിക്കാൻ ഇടയാക്കിയ പരിസ്ഥിതി, നിയമ, സംവിധാനപരമായ പരാജയങ്ങളെ വിശദീകരിക്കാനും, അതിന്റെ പ്രഭാവം കുറയ്ക്കുന്നതിനായുള്ള ജനകേന്ദ്രീകൃത പ്രതികരണ പദ്ധതിയെ അവതരിപ്പിക്കാനുമാണ് ഇവിടെ ശ്രമിക്കുന്നത്.



### എണ്ണ, മൈക്രോ പ്ലാസ്റ്റിക്കുകൾ, വിഷ വസ്തുക്കൾ: പുറങ്കടലിൽ നിന്ന് തീരങ്ങളിലേക്ക് വ്യാപിക്കുന്ന ആഘാതത്തിന്റെ തിരമാലകൾ

2025 മെയ് 24-ന് കൊച്ചി തീരത്തു നിന്നും 14.6 നോട്ടിക്കൽ മൈൽ അകലെ ലൈബീരിയൻ പതാക വഹിക്കുന്ന എം എസ് സി എൽസ 3 ചരക്കുകപ്പൽ മുങ്ങിയത് ഒരു കൊടിയ പാരിസ്ഥിതിക ആപത്തിന്റെ സൂചന ഉയർത്തുകയും കേരള സർക്കാർ അതിനെ ഒരു സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

പാറക്കെട്ടുകൾ നിരയിട്ടതും ചെങ്കൽ പാളികൾ നിറന്നതുമായ തീരമുള്ള കേരളാ, തമിഴ്നാട് സമുദ്ര ആവാസ വ്യവസ്ഥയും ശ്രീലങ്കയിലെ മന്നാർ ഉൾക്കടലിന്റെ വടക്കു പടിഞ്ഞാറൻ തീരവും തെക്കൻ തീരവും സവിശേഷവും നിർണ്ണായകവുമായ ജൈവ വൈവിധ്യ മേഖലയാണ്. കണ്ടൽക്കാടുകളും പവിഴപ്പുറ്റുകളും അപൂർവ്വ കടൽ സസ്യജാലങ്ങളും അഴിമുഖങ്ങളും അത്യപൂർവ്വ കടലാമകളെയും കടൽപശുവിനെയും സവിശേഷ മത്സ്യ ജീവ സമ്പത്തിനെയും സംരക്ഷിക്കുന്നതാണ്. കടലിൽ സംഭവിക്കുന്ന ചെറിയ മലിനീകരണം പോലും ഈ ലോലമായ ജീവസമ്പത്തിനെ ഗുരുതരമായി ബാധിക്കുന്നു. എം എസ് സി എൽസാ കപ്പൽ അപകടം സംഭവിച്ചത് മൺസൂൺ കാലത്താണെന്നതും വളരെ നിർണ്ണായകമാണ്. പ്രക്ഷുബ്ധമായ കടലിലെ വൻതിരകൾ മാലിന്യങ്ങളുടെ വ്യാപനം വേഗത്തിലാക്കുകയും മത്സ്യ പ്രജനന കേന്ദ്രങ്ങളെ ഉൾപ്പെടെ മലിനീകരിക്കുകയും ചെയ്യുന്നതോടൊപ്പം ശുചീകരണ പ്രവർത്തനങ്ങൾ ഏറെ ദുഷ്കരവുമാക്കുന്നു. ആരോഗ്യകരമായ സമുദ്ര ആവാസ വ്യവസ്ഥയെ ആശ്രയിക്കുന്ന തീരമേഖലയിലെ ജനസമൂഹത്തിന്റെ സാമൂഹ്യ, സാമ്പത്തിക ജീവിതത്തിനെ ഗുരുതരമായി ബാധിക്കുന്ന ഒരു വലിയ ജീവൻ പ്രശ്നമായി മാറിയിരിക്കുകയാണ് കടലിന്റെ ഈ പാരിസ്ഥിതിക വിനാശം.

കടലിലെ എണ്ണ ചോർച്ചയെ നേരിടുന്നതിനുള്ള അടിയന്തര പ്രവർത്തന പദ്ധതികൾ ഉണ്ടെങ്കിലും, അപകട സാധ്യതയുള്ളതും വൈവിധ്യമുള്ളതുമായ ചരക്കുകളുടെ വർധിച്ചുവരുന്ന അളവും, മൈക്രോ പ്ലാസ്റ്റിക്കുകളുടെയും സങ്കീർണ്ണ രാസ വസ്തുക്കളുടെയും വേഗത്തിലും ഫലപ്രദമായതുമായ ശുചീകരണം നടത്തുന്നതിലെ പോരായ്മകൾ ദുരന്ത പ്രതികരണ ശേഷിയിലെ കുറവുകൾ വ്യക്തമാകുന്നു. ഈയിടെയായി തുടർച്ചയായി സംഭവിക്കുന്ന അപകടങ്ങൾ കടൽ പരിസ്ഥിതിയിലുണ്ടാക്കുന്ന ദോഷ ഫലത്തെക്കുറിച്ചുള്ള ആശങ്കകൾ ഉയർത്തുന്നതോടൊപ്പം അത് പാരിസ്ഥിതികാരോഗ്യം വീണ്ടെടുക്കുന്നത് കൂടുതൽ ബുദ്ധിമുട്ടുള്ളതുമാക്കുന്നു..

#### പ്രതീക്ഷിക്കാവുന്നതും അടിയന്തിരവുമായ പരിസ്ഥിതിക ആഘാതങ്ങൾ:

#### എണ്ണ ചോർച്ചയും ഹൈഡ്രോകാർബൺ മലിനീകരണവും:

**നേരിട്ടുള്ള വിഷ ലിപ്തത:** ഡീസലിന്റെയും ഫർണസ് ഓയിലിന്റെയും ചോർച്ച, സമുദ്ര ജീവികൾക്ക് സത്വര ഭീഷണിയുണ്ടാക്കുന്നു. ഹൈഡ്രോ കാർബണുകൾ കടൽപക്ഷികളുടെ ചിറകിൽ അടിയുന്നതു മൂലം അവയ്ക്ക് പറക്കാനും ശരീരോഷ്മാവ് നിയന്ത്രിക്കാനുമുള്ള കഴിവ് നഷ്ടപ്പെടുകയും താപഹീനത മൂലം അവ കടലിൽ മുങ്ങുകയും ചെയ്യുന്നു. കടൽ സസ്തനികൾക്ക് ചർമ്മ രോഗങ്ങൾ, ശ്വാസ കോശ രോഗങ്ങൾ എന്നിവ പിടിപെടുകയും ഉള്ളിൽ കടന്നാൽ ആന്തരിക അവയവങ്ങൾ ക്ഷയിക്കുകയും ചെയ്യുന്നു.

**ആവാസ വ്യവസ്ഥ:** എണ്ണമറ്റ ജല ജന്തുജാലങ്ങളുടെയും കടൽ പക്ഷികളുടെയും പ്രജനന കേന്ദ്രങ്ങളും ആഹാര സമ്പാദന മേഖലകളുമായ അഴിമുഖങ്ങൾ, കണ്ടൽക്കാടുകൾ, മണൽ പരപ്പുകൾ എന്നിവ എണ്ണപ്പാടകളാൽ മൂടിപ്പോകാൻ സാധ്യതയുണ്ട്. അതിലോലമായ ഈ പ്രദേശങ്ങളിൽ എണ്ണ പടർന്നിറങ്ങിയാൽ ശുചീകരണം അസാധ്യമാവുകയും ആവാസ വ്യവസ്ഥ എന്നത്തേക്കുമായി നശീകരിക്കപ്പെടുകയും ചെയ്യും. ആഴ്ന്നിറങ്ങുന്ന എണ്ണ പവിഴപ്പുറ്റിനെയും കടൽ പുല്ലിനെയും സാരമായി ബാധിക്കുകയും അതിനെ ആശ്രയിക്കുന്ന ജൈവ സമ്പത്തിനെ തകർക്കുകയും ചെയ്യുന്നു. കേരള തമിഴ്നാട് ശ്രീലങ്കൻ തീരങ്ങളിലെ വംശനാശം നേരിടുന്ന വിവിധ മത്സ്യയിനങ്ങൾക്ക് കനത്ത ഭീഷണിയും തീരത്തെ മത്സ്യബന്ധന മേഖലയെ തളർത്തുന്നതുമാണിത്. ഈ കടൽ മേഖലയിൽ സുലഭമായ മത്തി, അയല എന്നീ മത്സ്യയിനങ്ങൾ എണ്ണ കലർന്ന വസ്തുക്കൾ ഭക്ഷിക്കുന്നത് മൂലം ഭക്ഷ്യ ശൃംഖലയിലുടനീളം വിഷം കലരുന്നതിന് കാരണമാകുന്നു.

#### പ്ലാസ്റ്റിക്ക് നർഡിലുകളും തകർന്ന കണ്ടെയിനറുകളുടെ അവശിഷ്ടങ്ങളും

**ഭൗതിക ക്ഷയവും കൂടികുഴയലും:** കപ്പലും അതിന്റെ മുഴുവൻ ചരക്കുകളും കടലിൽ മുങ്ങുന്നതിനു മുൻപായി, ഏകദേശം 100 കണ്ടെയ്നറുകൾ കടലിലേക്ക് പതിച്ചിട്ടുണ്ട്. ഇവയിൽ ചിലത് കരയിലേക്ക് അടിഞ്ഞതായും കാണപ്പെട്ടിട്ടുണ്ട്. വളരെ വലിയ ഈ അവശിഷ്ടങ്ങൾ പവിഴപ്പുറ്റുകളും കടൽപ്പുല്ലും വളരുന്ന പ്രദേശങ്ങളും ഉൾപ്പടെയുള്ള തീരത്തെ ആവാസ വ്യവസ്ഥയ്ക്ക് ഭൗതിക നാശം വരുത്തുകയും സമുദ്ര ജീവികളുമായി കൂടികലർന്നുണ്ടായേക്കാവുന്ന അപകടങ്ങൾ വരുത്തുകയും ചെയ്യാൻ സാധ്യതയുണ്ട്. തേയില പോലുള്ള അപകടകാരിയല്ലാത്ത ചരക്കുകൾ ഭീമമായ അളവിൽ തീരത്തടിഞ്ഞതും ശുചീകരണ പ്രവർത്തനങ്ങൾക്ക് ഒരു വെല്ലുവിളിയാകുന്നു.

**ആഹാരശൃംഖലകളുടെ ഭംഗം:** ചെറുമീനുകൾ പ്ലാങ്ക്ടൺ എന്നിവ ഉള്ളിലെടുക്കുന്നതു വഴി എണ്ണ, സമുദ്ര ആഹാരശൃംഖലയിൽ പ്രവേശിക്കുകയും ജൈവസഞ്ചയം വഴി വലിയ മീനുകൾ, കടൽ സസ്തനികൾ, ഒടുവിൽ ഇവ ഉപഭോഗം ചെയ്യുന്ന മനുഷ്യർ എന്നിവരിൽ എത്തിച്ചേരുകയും ചെയ്യുന്നു.

**മൽസ്യബന്ധന ജീവനോപാധിക്കേൽക്കുന്ന ആഘാതം:** കേരളത്തിന്റെ വൈവിധ്യപൂർണമായ മീൻപിടുത്ത മേഖലയ്ക്ക് നേരിട്ടുള്ള ഭീഷണിയാണ്. എണ്ണ മലിനീകരണം മത്സ്യ മരണനിരക്ക് ഉയർത്തുകയും, ഉദ്പാദനക്ഷമത കുറയ്ക്കുകയും, പൊതുവെയുള്ള മത്സ്യ ഉപഭോഗത്തിൽ കോട്ടം വരുത്തുകയും ചെയ്യുന്ന പക്ഷം മത്സ്യബന്ധന സമൂഹങ്ങളുടെ ഉപജീവനത്തെ സാരമായി ബാധിക്കുന്നു. എണ്ണചോർച്ച നടന്നത് മീനുകളുടെ പ്രത്യുത്പാദനം നടക്കുന്ന കാലവർഷകാലത്തായതിനാൽ മത്സ്യസമ്പത്തിനെ മുഴുവനായും തുടച്ചുമാറ്റുമോ എന്ന ഭീതി നിലനിൽക്കുന്നു.

#### അപായകരമായ രാസവസ്തുക്കളുടെ ചോർച്ചകൾ:

**കാൽഷ്യം കാർബൈഡ് ($CaC_2$):** കാൽഷ്യം കാർബൈഡ് അടങ്ങിയ 12 കണ്ടെയ്നറുകളുടെ സാന്നിധ്യം ആശങ്കാജനകമാണ്. കാൽസ്യം കാർബൈഡ് കടൽജലവുമായി പ്രതികരിക്കുമ്പോൾ അസൈറ്റിലിൻ വാതകവും (അത്യന്തം ജ്വലനശേഷിയുള്ളതും പൊട്ടിത്തെറിയുണ്ടാക്കാവുന്നതുമായത്) കാൽസ്യം ഹൈഡ്രോക്സൈഡും ഉത്പന്നമാകുന്നു. രണ്ടാമത്തേതായ കാൽസ്യം ഹൈഡ്രോക്സൈഡ് ജലത്തിന്റെ ക്ഷാരത വർദ്ധിപ്പിക്കുന്നു (pH നില ഉയർത്തുന്നു), ഇത് ജലജീവ ജൈവവൈവിധ്യത്തിലേറ്റം തീവ്രമായതായ വ്യതിയാനങ്ങൾ വരുത്താൻ ഇടയാക്കുന്നു. pH നിലയിൽ സംഭവിക്കുന്ന മാറ്റങ്ങൾ സമുദ്രജീവികളുടെ ആരോഗ്യത്തിനും പ്രത്യുത്പാദനത്തിനും അതിജീവനത്തിനും ഹാനികരമാണ്; ഇത് സമ്മർദം, പേശികളുടെ നാശം എന്നിവയ്ക്കും മരണത്തിനും വരെ ഇത് കാരണമാകാം.

**റബ്ബർ സൊല്യൂഷനും മറ്റ് വെളിപ്പെടുത്താത്ത രാസവസ്തുക്കളും:** റബ്ബർ സൊല്യൂഷൻ, വെളിപ്പെടുത്താത്ത മറ്റ് 13 അപകടകാരികളായ വസ്തുക്കൾ മുതലായ അപായകരമായ കണ്ടെയ്നറുകളിൽ നിന്നുണ്ടാകുന്ന ചോർച്ച കടൽ പരിസ്ഥിതിയിലേക്ക് ജൈവവിഷങ്ങൾ തുറന്നുവിടുന്നു. ഈ രാസപദാർത്ഥങ്ങൾ സമുദ്ര ജൈവികതയിൽ തീവ്ര വിഷലിപ്തതയും, അവസാദങ്ങളുടെ മലിനീകരണവും,

ദീർഘകാല പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുകയും ചെയ്യുന്നു.

**പ്ലാസ്റ്റിക് കണികകളും കണ്ടെയ്നറുകളുടെ അവശിഷ്ടങ്ങളും:** മൈക്രോപ്ലാസ്റ്റിക് മലിനീകരണം: വലിയ തോതിലുള്ള മൈക്രോപ്ലാസ്റ്റിക് കണികകൾ <5mm കേരള തീരത്തടിയുകയും (കോവളം, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ), പരിസ്ഥിതി ലോല പ്രദേശമായ മന്നാർ മറൈൻ ബയോസ്ഫിയർ റിസേർവിലേക്കും 80 മുതൽ 600 കി മി വരെയുള്ള ശ്രീ ലങ്കൻ തീരങ്ങളിലേക്കും വ്യാപിക്കുകകയും ചെയ്തു. മൈക്രോപ്ലാസ്റ്റിക് കണികകൾ പ്രാഥമിക മൈക്രോപ്ലാസ്റ്റിക്കുകളാണ്, ഇവ കടൽജലത്തിൽ നിന്നും വിഷകരമായ രാസവസ്തുക്കൾ ആഗിരണം ചെയ്യുകയും, സമുദ്രജീവികൾ (മത്സ്യങ്ങൾ, കടൽപക്ഷികൾ, കടലാമകൾ) ഇവയെഭക്ഷണമായിതെറ്റിദ്ധരിപ്പിക്കാനുംസാധ്യതയുള്ളതാണ്. ഇതിന്റെ ഫലമായി ആന്തരാവയവങ്ങൾക്ക് ക്ഷതം, വിശപ്പ് മരണം, ആഗിരണം ചെയ്ത വിഷവസ്തുക്കളുടെ ആഘാതം തുടങ്ങിയവ ഉണ്ടാകാം.

**ഭൗതിക ക്ഷയവും കെട്ടുപിണയലും:** കപ്പലും അതിന്റെ മുഴുവൻ ചരക്കുകളും കടലിൽ മുങ്ങുന്നതിനു മുൻപായി, ഏകദേശം 100 കണ്ടെയ്നറുകൾ കടലിലേക്ക് പതിച്ചിട്ടുണ്ട്, ഇവയിൽ ചിലത് കരയിലേക്ക് അടിഞ്ഞതായും കാണപ്പെട്ടിട്ടുണ്ട്. വളരെ വലിയ ഈ അവശിഷ്ടങ്ങൾ പവിഴപ്പുറ്റുകളും കടൽപുല്ല് വളരുന്ന പ്രദേശങ്ങളും ഉൾപ്പെടെയുള്ളവയ്ക്ക് ഭൗതിക നാശം വരുത്തുകയും സമുദ്ര ജീവികൾക്ക് കെട്ടുപിണഞ്ഞുണ്ടായേക്കാവുന്ന അപകടങ്ങൾ വരുത്തുകയും ചെയ്യാൻ സാധ്യതയുണ്ട്. തേയിലപോലുള്ള അപകടകാരിയല്ലാത്ത ചരക്കുകൾ ഭീമമായ അളവിൽ തീരത്തടിഞ്ഞതും ശുചീകരണപ്രവർത്തനങ്ങൾക്ക് ഒരു വെല്ലുവിളിയാകുന്നു

### നിശ്ചിത ആവാസവ്യവസ്ഥകളിലും ജൈവവൈവിധ്യത്തിലും ഉണ്ടാകുന്ന ആഘാതങ്ങൾ:

**തീരപ്രദേശങ്ങൾ:** ബീച്ചുകൾ അഴിമുഖങ്ങൾ കായലുകൾ എന്നിവയ്ക്ക് തീരത്തടിയുന്ന എണ്ണയ്ക്കും രാസപദാർത്ഥങ്ങൾക്കും ക്ഷതസാധ്യത കൂടുതൽ ആണ്. ഈ പ്രദേശങ്ങൾ തീരദേശ പക്ഷികൾ, അഴികളിലെ മീനുകൾ പുറംതോടുള്ള ജലജീവികൾ എന്നിവയ്ക്ക് അത്യന്താപേക്ഷിതമാണ്.

**സമുദ്ര ജൈവവൈവിധ്യം**: ഈ ചോർച്ച ഫൈറ്റോപ്ലാങ്ക്ടണും സൂപ്ലാങ്ക്ടണുമടക്കം (കടൽ ആഹാരശൃംഖലയിലെ അടിസ്ഥാന ഘടകങ്ങൾ) മത്സ്യക്കുഞ്ഞുകൾ, പ്രായപൂർത്തിയായ മത്സ്യങ്ങൾ, കടൽപക്ഷികൾ, കടലാമകൾ, കടലിന്റെ അടിത്തട്ടിലുണ്ടാകുന്ന ബെന്റിക് ജലജീവികൾ വരെ ഉൾപ്പെടുന്ന വിവിധതരത്തിലുള്ള സമുദ്രജീവികൾക്ക് ഭീഷണിയായിത്തീരുന്നു. കാലാവർഷത്തിലെ പ്രജനനകാലത്ത് സംഭവിച്ച ഈ വിപത്ത് മത്സ്യസമ്പത്തിന് വലിയൊരു ഹാനിയാണ് വരുത്തിവെച്ചിട്ടുള്ളത്.

**ആവാസവ്യവസ്ഥാ സേവനങ്ങൾ:** ഈ സംഭവം, ആരോഗ്യമുള്ള സമുദ്രപരിസ്ഥിതികൾ നൽകുന്ന അത്യന്തം പ്രാധാന്യമുള്ള പരിസ്ഥിതി സേവനങ്ങളെ ബാധിക്കുന്നു, ഇതിൽ ഭക്ഷ്യവിതരണം (മത്സ്യബന്ധനം), ജലശുദ്ധീകരണം, തീരസംരക്ഷണം എന്നിവ ഉൾപ്പെടുന്നു.

### ദീർഘകാല പാരിസ്ഥിതിക പ്രത്യാഘാതങ്ങളും പുനരുദ്ധാരണത്തിനുള്ള വെല്ലുവിളികളും:

എംഎസ്സി എൽസ 3 പോലുള്ള കപ്പലപകടങ്ങൾ ദീർഘകാല പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും പുനരുദ്ധാരണ മാർഗങ്ങൾ ദുർഘടമാക്കുകയും ചെയ്യുന്നു.:

**സ്ഥിരമായ മൈക്രോപ്ലാസ്റ്റിക് മലിനീകരണം:** പ്ലാസ്റ്റിക് കണികകളും മറ്റ് പ്ലാസ്റ്റിക് അവശിഷ്ടങ്ങളും അജീർണ വസ്തുക്കളായതിനാൽ അവ നൂറു കണക്കിന് വർഷങ്ങൾ പരിസ്ഥിതിയിൽ നിലകൊള്ളുന്നു. അവ മൈക്രോപ്ലാസ്റ്റിക്കുകളും നാനോപ്ലാസ്റ്റിക്കുകളുമായി വിശ്ലേഷിക്കുകയും, മത്സ്യ ഉപഭോഗത്തിലൂടെ ആഹാരശൃംഖലയിൽ എത്തിച്ചേരുകയും മനുഷ്യന്റെ ആരോഗ്യത്തിനെ ബാധിക്കുകയും ചെയ്യാം. ഈ പ്ലാസ്റ്റിക് കണികകൾ മണലിലും പവിഴപ്പുറ്റിലും മറ്റു ലോലമായ വാസവ്യവസ്ഥകളിലും അടിയുന്നതിനാൽ വൃത്തിയാക്കൽ അതീവ ബുദ്ധിമുട്ടേറിയതാണ്.

**ആവാസവ്യവസ്ഥയുടെ വീണ്ടെടുപ്പ്:** പവിഴപ്പുറ്റുകൾ, കണ്ടൽക്കാടുകൾ, കടൽപ്പുല്ല് പ്രദേശങ്ങൾ തുടങ്ങിയ കേടുവന്ന ആവാസവ്യവസ്ഥകളുടെ വീണ്ടെടുക്കൽ പറ്റുമെങ്കിൽ തന്നെ അത് വളരെയേറെ നാളുകളെടുക്കും. ഈ വാസസ്ഥലങ്ങളുടെ നാശം സമുദ്ര ആഹാരശൃംഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി പൊതുവെയുള്ള ജൈവവൈവിധ്യത്തിലും മത്സ്യസമ്പത്തിനും കോട്ടം വരുത്തും.

**വിഷവസ്തുക്കളുടെ ജൈവസഞ്ചയം:** ഇത്തരത്തിലുള്ള സംഭവങ്ങളിൽ പുറന്തള്ളുന്ന അപകടകരമായ രാസവസ്തുക്കൾ സമുദ്രജീവികളിൽ സഞ്ചയിച്ച്, വന്യജീവികൾക്ക് ദീർഘകാല ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും, മനുഷ്യന്റെ ആഹാരശൃംഖലയിലേക്കുള്ള ജൈവസഞ്ചയത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു.

**സാമ്പത്തിക തകർച്ചയും നഷ്ടപരിഹാരവും :** മത്സ്യബന്ധനം വിനോദസഞ്ചാരം തുടങ്ങിയ മേഖലകൾക്കുണ്ടാകുന്ന കടുത്ത ദീർഘകാല ആഘാതം, തീരദേശ സമൂഹങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടിന് ഇടയാക്കും. എക്സ്പ്രസ് പേൾ ദുരന്തം പോലുള്ളവയിൽ കണ്ടതുപോലെ കാലങ്ങൾ എടുക്കുന്നവയും ബുദ്ധിമുട്ടേറിയവയും ആയ, നഷ്ടപരിഹാരത്തിന് വേണ്ടിയുള്ള നിയമപോരാട്ടങ്ങൾ ബാധിതർക്ക് മതിയായ പരിഹാരം ഉണ്ടാകാതിരിക്കാൻ ഇടയാക്കുന്നു.

**മലിനീകരണവും അവശിഷ്ടങ്ങളും:** മുങ്ങിയ കപ്പലുകളും നഷ്ടമായ കണ്ടെയ്നറുകളും, അവശിഷ്ട എണ്ണച്ചോർച്ചകൾ പോലുള്ള മലിനീകരണ ഭീഷണികളും നാവിക അപകടസാധ്യതകൾ തുടർന്നും ഉണ്ടാക്കുന്നു. ഇവ നീക്കം ചെയ്യുന്നത് വിലയേറിയതും സാങ്കേതികമായി ബുദ്ധിമുട്ടുള്ളതുമായ പ്രക്രിയയാണ്.

**നയ, ശേഷി-കുറവുകൾ:** ഇത്തരത്തിലുള്ള സംഭവങ്ങൾ ദേശീയവും രാജ്യാന്തരവുമായ ചട്ടങ്ങളിലും അടിയന്തര പ്രതികരണ കീഴ്വഴക്കങ്ങളിലും വലിയതോതിലുള്ള കടൽപരിസ്ഥിതിദുരന്തങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷിയിലുമുള്ള കുറവുകൾ വെളിപ്പെടുത്തുന്നു. കൂടുതൽ കർശനമായ ചട്ടങ്ങൾ, മെച്ചപ്പെട്ട പ്രാബല്യവത്ക്കരണം, മേല്നോട്ടത്തിന്റെ നവീകരണം, അടിയന്തര പ്രതികരണ സംഘങ്ങൾക്ക് വേണ്ടിയുള്ള അന്താരാഷ്ട്ര സഹകരണമോ പരിശീലനമോ എന്നിവ അത്യന്താപേക്ഷിതങ്ങളാണ്.

**വ്യതിചലിക്കുന്ന പ്രവാഹങ്ങൾ:** സമുദ്രപ്രവാഹങ്ങൾ, മാലിന്യങ്ങൾ ആദ്യ സംഭവസ്ഥലത്തെ അതിരുകൾക്ക് അപ്പുറം വ്യാപിപ്പിക്കുവാൻ ഇടയാക്കുന്നു. ഈ സംഭവത്തിൽ കേരള തീരത്ത് ചിതറിയ പ്ലാസ്റ്റിക് കണികകൾ തമിഴ്നാട്ടിലേക്കും ശ്രീലങ്കയുടെ പടിഞ്ഞാറൻ തീരത്തേക്കുമെത്തിയപോലെ ഇത് പ്രാദേശിക ദുരന്തങ്ങളെ പ്രാദേശികമല്ലാത്തതായും അന്താരാഷ്ട്ര പരിസ്ഥിതിപ്രശ്നങ്ങളായും മാറ്റുന്നു.

അവസാനമായി, എംഎസ്സി എൽസ 3 കപ്പലപകടം, കപ്പൽ വ്യവസായ അപകടങ്ങൾ വരുത്തിവച്ചിട്ടുള്ള ആഴത്തിലുള്ള സാമ്പത്തികവും പാരിസ്ഥിതികവുമായ ഹാനികളെ ലഘൂകരിക്കുവാനായ്, ശക്തമായ പ്രതിരോധ നടപടികളും, ഫലപ്രദമായ അടിയന്തര പ്രതികരണ തന്ത്രങ്ങളും, ദീർഘകാല പുനരധിവാസ പദ്ധതികളും ഉടനടി നടപ്പാക്കണമെന്നതിനെ അടിവരയിട്ടു കാണിക്കുന്നു.



## രാസപദാർത്ഥങ്ങൾ നിറച്ച ചരക്കുകപ്പലപകടത്തെ തുടർന്ന് ജീവിതോപാധി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികള് നഷ്ടപരിഹാരം തേടുന്നു

എംഎസ്സി എൽസ 3 ചരക്കുകപ്പൽ അപകടം രൂക്ഷമായ എണ്ണചോർച്ചയും പ്ലാസ്റ്റിക് കണികകളുടെയും കാൽഷ്യം കാർബൈഡിന്റെയും വ്യാപനവും നടത്തി സമുദ്ര ജൈവിക വ്യവസ്ഥയെ താറുമാറാക്കുമ്പോൾ തീരസമൂഹങ്ങളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും അതിന്റെ പ്രത്യാഘാതങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. വിവിധങ്ങളായ മത്സ്യബന്ധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന 10.4 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾ കേരളത്തിലുണ്ട്. എംഎസ്സി എൽസ 3 ദുരന്തത്തെ തുടർന്ന് കപ്പലിന്റെ കണ്ടെയ്നറുകളിൽ നിന്ന് എണ്ണ ചോർച്ചയും ഹാനികരമായ രാസപദാർത്ഥങ്ങളുടെ പുറന്തള്ളലും ഉണ്ടായതുമൂലം അപകട സ്ഥലത്തുനിന്ന് 20 നോട്ടിക്കൽ മൈൽ പരിധിക്കുള്ളിൽ മീൻപിടിത്ത പ്രവർത്തനങ്ങൾ നിരോധിക്കപ്പെട്ടത് മത്സ്യബന്ധന സമൂഹങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ നിരോധനം മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗം തടയാൻ ഇടയാക്കി. ഇതിനുപുറമെ, പ്രിമൺസൂൺ, മൺസൂൺ മഴകൾ തുടങ്ങുന്നത്, കൂടാതെ 2025 ജൂൺ 9 മുതൽ നിലവിൽ വന്ന പുതിയ ട്രോളിംഗ് നിരോധനം തുടങ്ങിയവയും മേയ് ആദ്യവാരം മുതൽ ഇതിനകം 30 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അധിക വെല്ലുവിളികൾ ആയി. കപ്പൽ കണ്ടെയ്നറുകളിൽ നിന്ന് പുറന്തള്ളിയ വിഷ, രാസവസ്തുക്കൾ കാരണം കടൽമത്സ്യങ്ങളിൽ വിശാംഷം ഉണ്ടായിരിക്കാമെന്ന ഭയം കടൽമത്സ്യ ഉപഭോഗം കുറയ്ക്കുകയും മത്സ്യവിപണികൾ ശൂന്യമാക്കുകയും ചെയ്തതോടെ മത്സ്യത്തൊഴിലാളികളുടെ ദിവസവരുമാനവും അവരുടെ ഭക്ഷ്യസുരക്ഷയും ഭീഷണിയിലായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലെ ബാധിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രതിമാസം ഒരാൾക്ക് 6 കിലോ സൗജന്യ അരിയും 1,000 രൂപയും പ്രഖ്യാപിച്ചെങ്കിലും അത് പര്യാപ്തമല്ലെന്ന് മത്സ്യത്തൊഴിലാളി സംഘടനകളും യൂണിയനുകളും വ്യക്തമാക്കി. നഷ്ടപരിഹാരം കൂട്ടുകയും കൂടുതൽ ആളുകളെ ഉൾപ്പെടുത്തുകയും ചെയ്യണമെന്ന് അവർ ആവശ്യപ്പെട്ടു. അപകടത്തെ തുടർന്ന് വരുമാന നഷ്ടവും തൊഴിൽസംബന്ധമായ ആരോഗ്യപ്രശ്നങ്ങളും നേരിടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ സമുദായങ്ങൾക്കും ന്യായമായനഷ്ടപരിഹാരംഉറപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, ദേശീയ മത്സ്യത്തൊഴിലാളി ഫോറം കേരള മുഖ്യമന്ത്രി, പ്രധാനമന്ത്രിയുടെ ഓഫീസ് (PMO), ദേശീയ ദുരന്ത നിവാരണ അതോറിറ്റി (NDMA) എന്നിവർക്കു കത്തയച്ചു. കപ്പലപകടത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാന് കപ്പൽ കമ്പനിയെ സംസ്ഥാന സർക്കാർ നിർബന്ധിക്കണമെന്നും, മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ കമ്പനിയോട് ആവശ്യപ്പെടണമെന്നും ഫോറം വാദിച്ചു. ജീവിതോപാധിയുടെയും വരുമാനത്തിന്റെയും നഷ്ടം മത്സ്യത്തൊഴിലാളി സമുദായങ്ങളെ ബാധിച്ചിരിക്കുന്നതിനൊപ്പം, കടൽത്തീരത്തടിയുന്ന വിഷരാസവസ്തുക്കളുടെ പുറന്തള്ളലിനെ തുടർന്നുണ്ടാകുന്ന മറ്റു നേരിട്ടുള്ള ആരോഗ്യപരമായ ആഘാതങ്ങളും തീരദേശ സമൂഹങ്ങൾ നേരിടുന്നുണ്ട്. നേരിട്ട് രാസവസ്തുക്കൾക്ക് വിധേയരായതും മത്സ്യബന്ധന നിരോധനം മൂലം പരോക്ഷമായി ബാധിതരായതുമായ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും നേരിടുന്ന പ്രശ്നങ്ങൾക്കായി, പ്രത്യേകിച്ച് മൺസൂൺ കാലത്ത് നിലവിലുള്ള മറ്റു നിയന്ത്രണങ്ങളുമായി കൂടിയുണ്ടാകുന്ന പ്രത്യാഘാതങ്ങൾക്കിടയിൽ, അവർക്കായുള്ള അടിയന്തിര സഹായ-നഷ്ടപരിഹാര സംവിധാനമൊരുക്കണമെന്ന് ദേശീയ മത്സ്യത്തൊഴിലാളി ഫോറം ആവശ്യപ്പെട്ടിട്ടുണ്ട്.

## നിയമ പോരാട്ടം കനക്കുന്നു: ക്രിമിനൽ കുറ്റങ്ങളും സിവിൽ വാദങ്ങളും

### അധികാരപരിധിയും നിയമാടിസ്ഥാനവും

ഇന്ത്യയുടെ ടെറിട്ടോറിയൽ സമുദ്രത്തിന്റെ അടിസ്ഥാനരേഖയിൽ നിന്ന് 200 നോട്ടിക്കൽ മൈൽ വരെ വ്യാപിക്കുന്ന ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയിൽ (Exclusive Economic Zone - EEZ) എംഎസ്സി എൽസ 3 ചരക്കുകപ്പൽ കീഴ്മേൽ മറിയുകയാണുണ്ടായത്. സമുദ്രനിയമങ്ങളെ കുറിച്ചുള്ള ഐക്യരാഷ്ട്രസഭയുടെ കൺവെൻഷന്റെ (UNCLOS) ആർട്ടിക്കിൾ 58(3) പ്രകാരം, ഇന്ത്യയുടെ EEZ-ൽ പ്രവർത്തിക്കുന്ന വിദേശ കപ്പലുകൾക്ക് അതത് തീരദേശ രാജ്യത്തിന്റെ നിയമങ്ങളും ചട്ടങ്ങളും പാലിക്കാൻ ബാധ്യതയുണ്ട്. ഇത് UNCLOS-നും അന്താരാഷ്ട്ര നിയമങ്ങളുടെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായതാണ്. കാൽസ്യം കാർബൈഡ്, സൾഫർ, പ്ലാസ്റ്റിക് കണികകൾ, 84.44 ടണ്ണ് ഡീസൽ, 367.1 ടണ്ണ് ഫെർണസ് ഓയിൽ എന്നിവ പോലുള്ള അപകടകാരിയായ വസ്തുക്കൾ വ്യാപിപ്പിക്കാനുള്ള സാധ്യത ഉൾക്കൊള്ളുന്ന ഈ സംഭവം സിവിൽ, ക്രിമിനൽ നടപടികൾക്കുള്ളിൽ വരുന്ന ഒന്നാണ്. പ്രത്യേകിച്ച്, ഇന്ത്യൻ നിയമപ്രകാരമുള്ള സ്റ്റാറ്റിയൂട്ടറി പരിഹാരങ്ങളിലായി, 2017ലെ അഡ്മിറല്റ്റി നിയമം (മാരിടൈം വാദങ്ങളുടെ അധികാരപരിധിയും തീർപ്പാക്കലും), 1958ലെ വ്യാപാര കപ്പൽ നിയമം, 1976ലെ മാരിടൈം മേഖല നിയമം എന്നീ നിയമങ്ങൾ ഉൾപ്പെടുന്നു.

1976-ലെ മാരിടൈം മേഖല നിയമപ്രകാരം ഇന്ത്യക്ക് അതിന്റെ പ്രത്യേക സാമ്പത്തിക മേഖലക്ക് (EEZ) മേൽ പരിപൂർണ്ണ നിയമാധികാരം ഉണ്ടായിരിക്കുന്നതാണ്. 2017-ലെ അഡ്മിറല്റ്റി നിയമപ്രകാരം സെക്ഷൻ 4, 5, 6 എന്നിവയുടെ അടിസ്ഥാനത്തിൽ, കേരള ഹൈക്കോടതി ഉൾപ്പെടെ നിശ്ചയിക്കപ്പെട്ട ഹൈക്കോടതികൾക്ക് സമുദ്രപരിധികളുമായിബന്ധപ്പെട്ടവാദങ്ങൾപരിഗണിക്കാനും, സമുദ്ര മലിനീകരണം, കപ്പലപകടശേഷമുള്ള അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ, പരിസ്ഥിതി നാശം തുടങ്ങിയവയുമായി ബന്ധപ്പെട്ട ദുരവസ്ഥകൾക്ക് സമീപത്തുള്ള കപ്പലുകൾ പിടികൂടാൻ ഉത്തരവിടാനും അധികാരമുണ്ട്. 1958ലെ വ്യാപാര കപ്പൽ നിയമപ്രകാരം, ഇന്ത്യയുടെ സമുദ്രമേഖലകളിൽ എണ്ണമലിനീകരണം സംഭവിക്കുകയാണെങ്കിൽ, അതിനോട് ബന്ധപ്പെട്ട പ്രതിരോധ നടപടികളും പരിഹാര നടപടികളും സ്വീകരിക്കാൻ പൊതു അധികാരികൾക്ക് നിയമപരമായ അവകാശം നൽകിയിട്ടുണ്ട്.

### പ്രസക്തമായ അന്താരാഷ്ട്ര നിയമസഹായങ്ങൾ:

എണ്ണമാലിന്യം കാരണമായ നഷ്ടം മൂലമുള്ള സിവിൽ ഉത്തരവാദിത്വത്തെ സംബന്ധിച്ച അന്താരാഷ്ട്ര കൺവെൻഷൻ (CLC), 1992. ഇത് പ്രകാരം, മലിനീകരണത്താൽ ഉണ്ടാകുന്ന നഷ്ടത്തിന് കപ്പൽ ഉടമയ്ക്ക് കർശനമായ ഉത്തരവാദിത്വം നിശ്ചയിച്ചിരിക്കുന്നു. കൂടാതെ, ഇൻഷുറൻസും നിർബന്ധമാക്കിയിട്ടുണ്ട്.

കപ്പലപകട അവശിഷ്ടങ്ങളുടെ നീക്കത്തെ സംബന്ധിച്ച നൈറോബി അന്താരാഷ്ട്ര കൺവെൻഷൻ, 2007. EEZ-ക്കുള്ളിലായുണ്ടാകുന്ന കപ്പൽപിഴവുകൾക്ക് ഇത് ബാധകമാണ്. ഈ കൺവെൻഷൻ പ്രകാരം, കപ്പൽ ഉടമകൾക്ക് അവശിഷ്ടങ്ങൾ നീക്കം ചെയ്യാനുള്ള ചെലവുകൾ വഹിക്കാനുള്ള ബാധ്യത ഉണ്ട്.

1992ലെ എണ്ണമാലിന്യനഷ്ടങ്ങൾക്കായുള്ള നഷ്ടപരിഹാരത്തിന് അന്താരാഷ്ട്ര ഫണ്ട് സ്ഥാപിക്കുന്നതിനായുള്ള അന്താരാഷ്ട്ര കൺവെൻഷൻ പ്രകാരം, CLC-യിൽ നൽകിയ പരിഹാരപരിധികളെ കവിഞ്ഞുള്ള പുനർപരിഹാര സംവിധാനം ഇതുറപ്പാക്കുന്നു.

### ബാധ്യതയുടെ ഘടന

**പ്രാഥമിക ബാധ്യതയുള്ളവർ:**

മാരിടൈം നിയമപ്രകാരം കർശനമായ ഉത്തരവാദിത്വം ബാധകമായ **കപ്പലിന്റെ രേഖാമൂലമുള്ള ഉടമസ്ഥൻ**

ജനീവ ആസ്ഥാനമായ എംഎസ്സി മെഡിറ്ററേനിയൻ കപ്പൽ കമ്പനിയുടെ **ചരക്കുകളുടെയും മാർഗ നിയന്ത്രണത്തിന്റെയും ജാഗ്രതാ ഉത്തരവാദിത്വമുള്ള ചാർട്ടറെർ,** നേരിട്ടുള്ളതോ പങ്കുള്ളതോ ആയ ബാധ്യതയിൽ പങ്കുകാരനാണ്.

അന്താരാഷ്ട്ര പി ഐ നിയമങ്ങൾ പ്രകാരം അവശിഷ്ട നിർമാർജനം, പാരിസ്ഥിതിക കോട്ടം, സാക്ഷി ക്ലെയിമുകൾ എന്നിവയ്ക്ക് ഉത്തരവാദിത്വമുള്ള **പ്രൊട്ടക്ഷൻ ആൻഡ് ഇൻഡെമ്നിറ്റി (പി ഐ) ഇൻഷുറൻസ്കാർ.**

UNCLOS ന്റെ ആർട്ടിക്കിൾ 94 പ്രകാരം പതാക വഹിക്കുന്ന കപ്പലുകൾക്ക് മീതെ പര്യാപ്തമായ ന്യായാധികാരവും നിയന്ത്രണവും പുലർത്തുകയും, സംഭവം സംബന്ധിച്ച അന്വേഷണങ്ങളോട് പ്രതികരിക്കുകയും ചെയ്യേണ്ട **കപ്പൽപതാക രാജ്യമായ ലൈബീരിയ.**

ലൈബീരിയ ഒരു ഫ്ലാഗ് ഓഫ് കൺവീനിയൻസ് (FOC) രാജ്യമായി ആണ് പരിഗണിക്കപ്പെടുന്നത് എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. കപ്പലിന്റെ ഉടമസ്ഥതയും മറ്റു പ്രവർത്തന പരിധികളും സ്വിട്സർലാന്റിലെ അടിസ്ഥാന സ്ഥാപനങ്ങൾ തന്നെ കൈകാര്യം ചെയ്യേ ലൈബീരിയയിലേക്ക് സ്ഥിരമായ ഒരു ബന്ധവും കാണിക്കാൻ സാധിക്കില്ല. ഇത് UNCLOS ന്റെ പരിധിയിൽ ആവശ്യമായ യഥാർത്ഥ ബന്ധം കാണിക്കാൻ ഉതകുന്നതല്ലാത്തതിനാൽ ലൈബീരിയയുടെ കാര്യനിർവഹണ ബാധ്യതകളുടെ പ്രാവർത്തികത കുറയ്ക്കുന്നു.

### നിലവിലെ നിയമ നടപടികൾ

**ക്രിമിനൽ കേസ്**

തുടക്കത്തിലേ നിസ്സംഗതയ്ക്കു ശേഷം ഫോർട്ട് കൊച്ചി പോലീസ് ഇന്ത്യൻ പീനൽ കോഡ് (2023) ന്റെ സെക്ഷൻ 282 (കപ്പലിന്റെ പരുക്കനായ നാവികത്വം), 285 (പൊതു നാവികതയിലുള്ള അലസത), 286 (വിഷമയമുള്ള വസ്തുക്കളുടെ അലസമായ കൈകാര്യം), 287 (തീയുടെ അലസമായ കൈകാര്യം), 288 (സ്ഫോടക വസ്തുക്കളുടെ അലസമായ കൈകാര്യം) എന്നിവ പ്രകാരം എംഎസ് സി എൽസ 3ന്റെ കപ്പൽ കമ്പനിക്കും, ക്യാപ്റ്റനും, മറ്റു നാവികർക്കുമെതിരെ എഫ് ഐ ആർ രേഖപ്പെടുത്തിയിട്ടുണ്ട്. 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട മറ്റു നടപടികളും പ്രതീക്ഷിക്കുന്നുണ്ട്.

ക്രിമിനൽ അന്വേഷണങ്ങൾ സമയബന്ധിതമായി ആരംഭിക്കുകയും പൂര്ത്തിയാക്കുകയും ചെയ്യുന്നത്, സംഭവത്തിന് കാരണമായ സാഹചര്യങ്ങൾ വിലയിരുത്താനും, ഉത്തരവാദിത്വം നിശ്ചയിക്കാനും, പരിസ്ഥിതി പ്രതികരണ നടപടികൾക്ക് വഴിയൊരുക്കാനും, അതോടൊപ്പം നടക്കുന്ന സിവിൽ വാദങ്ങളും നഷ്ടപരിഹാര ശ്രമങ്ങളും പിന്തുണയ്ക്കാനുമായി നിർണായകമായിരിക്കും.

### പൊതു താല്പര്യ ഹർജി - ടി എൻ പ്രതാപൻ v ഇൻഡ്യാ യൂണിയനും മറ്റുള്ളവരും

മുൻ എംപി ടി.എൻ. പ്രതാപൻ സമർപ്പിച്ച പൊതു താല്പര്യ ഹർജി(PIL)യിന്മേൽ ബഹു. കേരള ഹൈക്കോടതി 2025 ജൂൺ 12-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ, സംഭവത്തെ കുറിച്ച് ബഹു ഹൈക്കോടതി പ്രതികരിക്കുകയുണ്ടായി. ഹർജിയിൽ എം വി വാൻ ഹായ് 503 സംഭവവും ഉൾപ്പെടുത്തുക, എംഎസ്സി എൽസ 3 യുടെ ചരക്കുപട്ടിക പ്രസിദ്ധീകരിച്ച വിവരം, വിദഗ്ധ സമിതി രൂപീകരണം, മത്സ്യത്തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസം എന്നിവയ്ക്കായെല്ലാമുള്ള തിരുത്തൽ അനുമതി കോടതി നൽകി.

കോടതി വിവിധ നിയമപരമായ മാർഗങ്ങൾ അംഗീകരിച്ചു:

(a) സഹോദര കപ്പലുകൾ പിടികൂടാനുള്ള സാധ്യതയടങ്ങിയ 2017ലെ അഡ്മിറല്റ്റി നിയമത്തിന്റെ 4 മുതൽ 6 വരെയുള്ള വകുപ്പ് പ്രകാരമുള്ള മാരിടൈം വാദങ്ങളുടെ പ്രാബല്യപ്പെടുത്തൽ

(b) 1958ലെ വ്യവസായ കപ്പൽ നിയമപ്രകാരമുള്ള ദുരന്താന്വേഷണവും മലിനീകരണപ്രതിരോധ ചുമതലകളും;

(c) 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം പ്രകാരം ക്രിമിനൽ കുറ്റപത്രവും പ്രോസിക്യൂഷനും.

കേസ് സംബന്ധിച്ച വിധിയിൽ, പരിഹാരത്തിനും ശുചീകരണച്ചെലവിനും വേണ്ടി പണം രാജ്യം വഹിക്കരുത്, അതിനു കപ്പൽ ഉടമകളെ അല്ലെങ്കിൽ ഇൻഷുറർമാരെ ചുമതലപ്പെടുത്തണമെന്നും കോടതി വ്യക്തമാക്കിയിരിക്കുന്നു. വിവിധ നിയമങ്ങളും അന്താരാഷ്ട്ര നിയമ ചട്ടങ്ങളും അനുസരിച്ച് കേന്ദ്രവും സംസ്ഥാനവും കൈക്കൊണ്ട നടപടികൾ അടുത്ത 2025 ജൂൺ 19-ലെ വിചാരണയ്ക്കായി റിപ്പോർട്ട് ചെയ്യണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു.

തുടർന്നുള്ള വിചാരണകളിൽ, സുതാര്യത, നടപ്പിലാക്കലിലെ പ്രശ്നങ്ങൾ, നിയമാധികാരത്തിന്റെ ഔചിത്യം എന്നിവ പരിഗണിച്ച് കേരള സംസ്ഥാന സർക്കാറും എംഎസ്സി കപ്പൽ കമ്പനിയും നടത്തുന്ന കോടതിക്കുപുറമുള്ള എല്ലാ ധാരണച്ചർച്ചകൾക്കും കേരള ഹൈക്കോടതി താത്കാലിക വിലക്കേർപ്പെടുത്തി.

ധാരണാ ചർച്ചകൾ നിയമപരമായി 2017ലെ അഡ്മിറൽറ്റി നിയമപ്രകാരമുള്ള ഔദ്യോഗിക അഡ്മിറൽറ്റി ഹർജിയുടെ ഘടനയ്ക്കുള്ളിലായിരിക്കനാമെന്നും വ്യക്തമാക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ ഇത്തരത്തിൽ ഒരു ഹർജി ബോധിപ്പിക്കുന്നതിനുള്ള ഉദ്ദേശം രേഖപ്പെടുത്തിയ സത്യവാങ്മൂലവും കോടതി പരിഗണിച്ചു. അടുത്ത ഘട്ടമായി, എംഎസ്സി പോളോ II എന്ന കപ്പലിനെയും എംഎസ്സി മാനസ എഫ് എന്ന സഹോദര കപ്പലിനെയും അഡ്മിറൽറ്റി അധികാരപരിധിയിലായി അറസ്റ്റ് ചെയ്യാൻ ഹൈക്കോടതി ഉത്തരവിട്ടു. നഷ്ടപരിഹാരത്തിൻറെ ലഭ്യത ഉറപ്പാക്കാനും കോടതിയുടെ മേൽനോട്ടം നിലനിർത്താനുമായി ഇതിന്റെ ഭാഗമായുള്ള എംഎസ്സി-യുടെ അനുബന്ധ സ്വത്തുക്കൾ കൈക്കലാക്കാനും ഉത്തരവിറക്കി.

### അടുത്ത നടപടിക്രമങ്ങൾ: സിവിൽ ലയബിലിറ്റി ക്ലെയിമുകൾ

എംഎസ്സി എൽസ 3 സംഭവത്തിന് പിന്നാലെയുള്ള നിയമപരമായ പരിഹാരങ്ങൾ ഉറപ്പാക്കുന്നതിനായി, കേരള സർക്കാറും ബാധിതർ അടങ്ങിയ മറ്റ് പങ്കാളികളും ഉടൻ തന്നെ 2017ലെ അഡ്മിറൽറ്റി നിയമപ്രകാരം, കേരള ഹൈക്കോടതിയിൽ ഔദ്യോഗിക അഡ്മിറൽറ്റി ഹർജി സമർപ്പിക്കേണ്ടതാണ്. ഈ ഹർജിയിൽ എംഎസ്സി എൽസ 3ന്റെ രജിസ്റ്റർ ചെയ്ത ഉടമയെയും, ചാർട്ടററെയും, പ്രൊട്ടക്ഷൻ ആൻഡ് ഇൻഡെമിനിറ്റി (P&I) ഇൻഷുററിനെയും പ്രതികളായി ഉള്പ്പെടുത്തണം. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല നിർദ്ദേശങ്ങൾപ്രകാരം,എംഎസ്സിപോളോഈ,എംഎസ്സിമാനസ എന്ന സഹോദര കപ്പലുകളുടെ അറസ്റ്റ് തുടരേണ്ടതുണ്ട്, കപ്പൽ ഉടമയിൽ നിന്നുള്ള സിവിൽ ഉത്തരവാദിത്വങ്ങൾക്കായുള്ള സാമ്പത്തിക നിക്ഷേപം അല്ലെങ്കിൽ അനുയോജ്യമായ ഉറപ്പ് ലഭ്യമാക്കുകയാണ് ഇതിനുപിറകിലുള്ള ലക്ഷ്യം. ഹർജിയിൽ ഈ ആവശ്യവാദങ്ങൾക്ക് PIL ഹർജിയിൽ നിയമിച്ച വിദഗ്ധസമിതിയുടെ കണ്ടെത്തലുകൾ പിന്തുണയ്ക്കുന്ന പരിസ്ഥിതിനാശതിനുള്ളതും, സാമ്പത്തികമായതുമായ നഷ്ടപരിഹാരങ്ങൾ, പരിഹാര നടപടികൾക്കായി സർക്കാർ വഹിച്ച ചെലവുകൾ തുടങ്ങിയ സംയുക്തമായ പരിഹാരനടപടികൾ ഉൾപ്പെടുത്താവുന്നതാണ്. അത് കൂടാതെ, P&I ഇൻഷുററിന് ഔദ്യോഗിക നോട്ടീസ് അയച്ച്, ഉത്തരവാദിത്വ കവറേജ് പ്രാപ്തമാക്കുകയും, സർക്കാർ ചെലവഴിച്ച തുകയ്ക്ക് ബദൽ അവകാശം നിലനിർത്തുകയും വേണം. ഇതിനുപുറമെ, എണ്ണമലിനീകരണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര ആവശ്യവാദങ്ങൾ, 1958ലെ വ്യവസായ കപ്പൽ നിയമപ്രകാരം മുന്നോട്ടുവെക്കേണ്ടതുമാണ്.

ശ്രീ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള സർക്കാർ എംഎസ്സി മെഡിറ്ററേനിയൻ കപ്പൽ കമ്പനിക്കെതിരെ അഡ്മിറൽറ്റി ഹർജി സമർപ്പിക്കുവാനുള്ള തീരുമാനം ജൂൺ 20 ന് ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്.






# കപ്പൽ അപകടത്തിനെ തുടർന്നുള്ള എം എസ് സി കമ്പനിയുടെ കനത്ത നിശബ്ദത കമ്പനിയുടെ രാഷ്ട്രീയ കൂട്ടുകെട്ട് സംബന്ധിച്ച് അത്ഭുതം ഉളവാക്കുന്നു.

